# ഗവ. യു. പി സ്കൂൾ
# പടിഞ്ഞാറ്റുംമുറി

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025- 26

## ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണ്. ഇതിൻറെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്ര വികസനത്തിന് അനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനം മുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയുകയുള്ളൂ.
ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ഈ അക്കാദമിക മാസ്റ്റർ അക്കാദമിക ആസൂത്രണത്തിനും സ്വയം സജ്ജമാക്കാൻ സഹായകമായ ഒരു അക്കാദമിക ചട്ടക്കൂടാണ്.
വ്യക്തിഗത, വിഷയതല, ക്ലാസ് തല അക്കാദമിക മാസ്റ്റർ തയ്യാറാക്കി അവ ക്രോഡീകരിച്ച് അവയിലെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപമായാണ് ഈ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

### സ്കൂളിനെ കുറിച്ച്
### കാഴ്ചപ്പാടും പ്രവർത്തന ദിശയും

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പടിഞ്ഞാറ്റുമുറി ഗവൺമെൻറ് യുപി സ്കൂൾ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികവിന്റെ പാതയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു പൊതുവിദ്യാലയമാണ്. അക്കാദമിക മികവിനോടൊപ്പം തന്നെ ഭൗതിക സാഹചര്യങ്ങളിലും ഈ വിദ്യാലയം മികവിന്റെ പാതയിലാണ്. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ 467 കുട്ടികളാണ് ഈ വിദ്യാലയത്തിൽ നിലവിൽ പഠിച്ചു കൊണ്ടിരിക്കുന്നത്.

തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ സാധാരണക്കാരായ കുട്ടികളാണ് ഭൂരിഭാഗവും. സാധാരണക്കാരിൽ സാധാരണക്കാരായ കുട്ടികളെയും സമൂഹത്തിൻറെ ഉയർന്ന തലങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ആത്യന്തികമായ ലക്ഷ്യം. അതിനായി വൈവിധ്യങ്ങളായ പരിപാടികളാണ് ഓരോ വർഷവും നടത്തിവരുന്നത്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിഎല്ലാ കുട്ടികളെയും ഉദ്ദേശിച്ച പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായിക്കുന്ന രീതിയിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.
പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ ഭൗതികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### സ്കൂളിൻറെ അടിസ്ഥാന വിവരങ്ങൾ

സ്കൂളിൻറെ പേര് : പടിഞ്ഞാറ്റുമുറി ഗവൺമെൻറ് യുപി സ്കൂൾ

വിലാസം' : കിഴക്കുമുറി പി ഓ കക്കോടി കോഴിക്കോട് സ്ഥാപിതം :1912

സ്കൂൾ കോഡ് :17 451
യുടെസ്കോഡ് :320 40 200 110
റവന്യൂ ജില്ല :കോഴിക്കോട്
വിദ്യാഭ്യാസ ജില്ല :കോഴിക്കോട്
ഉപജില്ല :ചേവായൂർ
ലോക്സഭാ മണ്ഡലം :കോഴിക്കോട്
നിയമസഭാ മണ്ഡലം :എലത്തൂർ
താലൂക്ക് :കോഴിക്കോട്
ബ്ലോക്ക് പഞ്ചായത്ത് :ചേളന്നൂർ
ഗ്രാമപഞ്ചായത്ത് :കക്കോടി
വാർഡ് :11
സ്കൂൾ തലം :പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ
മാധ്യമം :മലയാളം ഇംഗ്ലീഷ്

മാസ്റ്റർ പ്ലാനിന്റെ പൊതു ലക്ഷ്യങ്ങൾ

> അധ്യാപന നിലവാരം മെച്ചപ്പെടുത്തൽ
> വിദ്യാർത്ഥികളിലെ വ്യത്യസ്ത കഴിവുകൾ വികസിപ്പിച്ച് പഠനഫലങ്ങൾ മെച്ചപ്പെടുത്തൽ
> അധ്യാപകരുടെ പരിശീലനം ഉറപ്പാക്കൽ
> അക്കാദമിക കലണ്ടർ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ
> എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കാൻ സാധിച്ചു എന്ന് ഉറപ്പുവരുത്തൽ
> എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഹിന്ദി സംസ്കൃതം ഭാഷകളിൽ എഴുതാനും വായിക്കാനുള്ള കഴിവ് ഉറപ്പാക്കുക.
> ഓരോ കുട്ടിയും ഒന്നാമനാണ് എന്ന തത്വം മുൻനിർത്തി കുട്ടികളുടെ വ്യക്തിഗത അഭിരുചികൾക്കും കഴിവുകൾക്കും അനുസരിച്ച് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകുക.
> ക്ലാസ് മുറി പ്രവർത്തനങ്ങളിലൂടെ ഒരു വായന സംസ്കാരം വളർത്തുക

അവസ്ഥ വിശകലനം

പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികവിന്റെ പാതയിൽ തുടരുന്ന ഈ വിദ്യാലയത്തിന് കഴിഞ്ഞ അധ്യയന വർഷം ആറ് എൽഎസ്എസും 15 യു എസ് എസും നേടാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഉപജില്ല , ജില്ലാ തലങ്ങളിൽ നടന്ന വിവിധ മത്സര പരീക്ഷകളിലും മേളകളിലും മികച്ച വിജയം നേടാനും വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും മുഴുവൻ കുട്ടികൾക്കും അടിസ്ഥാനശേഷികൾ നേടാൻ സാധിക്കാതെ വരുന്നു എന്നത് ഒരു പോരായ്മയായി ഞങ്ങൾ കണ്ടെത്തുന്നു. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം നടപ്പിലാക്കിയ വിവിധങ്ങളായ പരിപാടികളിലൂടെ ഈ അവസ്ഥയ്ക്ക് ഒരു പരിധിവരെ മാറ്റം വരുത്താൻ കഴിഞ്ഞു എങ്കിലും ഈ വർഷവും ഇത്തരം പ്രവർത്തനങ്ങൾ ആവശ്യമാണ് എന്ന് ഉത്തമ ബോധ്യം ഞങ്ങൾക്കുണ്ട്.
അതുപോലെ തന്നെ പഠന പിന്തുണ ആവശ്യമുള്ള നിരവധി കുട്ടികൾ വിദ്യാലയത്തിന്റെ ഭാഗമായിട്ടുണ്ട്. അവരിലും അടിസ്ഥാനശേഷി വികസനം ഉറപ്പിക്കുക എന്നത് ഒരു വെല്ലുവിളിയായി തന്നെ ഞങ്ങൾ ഏറ്റെടുക്കുന്നു.
വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും അധ്യാപക ശാക്തീകരണ പദ്ധതികളിൽ പങ്കാളികളാവുകയും അതിൽ നിന്ന് ലഭിക്കുന്ന നൂതന ആശയങ്ങൾ ക്ലാസ് മുറികളിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ട്.

പൂർണ്ണ പിന്തുണയുടെ പ്രവർത്തിക്കുന്ന ഒരു പിടിഎയും എം പി ടി എയും വിദ്യാലയത്തിന്റെ ശക്തിയാണ്. അതോടൊപ്പം തന്നെ സാമൂഹിക പങ്കാളിത്തത്തോടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.
കുട്ടികളുടെ കമ്പ്യൂട്ടർ പഠനത്തിന് ആവശ്യമായത്ര കമ്പ്യൂട്ടറുകൾ ലഭ്യമല്ല എന്നതും മികച്ച ഒരു കളി സ്ഥലമില്ല എന്നതും ഇനിയും മെച്ചപ്പെടേണ്ട ഭൗതിക സാഹചര്യങ്ങളാണ്.

## വിഷയാടിസ്ഥാനത്തിലുള്ള നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

### എൽ പി വിഭാഗം

ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടാൻ സാധിച്ചു എന്ന് ഉറപ്പാക്കുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും സർഗാത്മക രചനയുള്ള അവസരങ്ങൾ സൃഷ്ടിക്കാനും ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുക.
- മികച്ച വായനാശീലം വളർത്തുക.
- ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക

## ഇംഗ്ലീഷ്

- എല്ലാ കുട്ടികളെയും ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. ഇംഗ്ലീഷിൽ ആവിഷ്കാരങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകുക.
- സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.
- ഇംഗ്ലീഷ് ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

ഗണിതം

- എല്ലാ കുട്ടികളിലും അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുക
- എല്ലാ കുട്ടികളിലും ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ വളർത്തുക.
- ഗണിത പഠനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക

പരിസര പഠനം

- കുട്ടികളിൽ ശാസ്ത്ര താൽപര്യം വളർത്തുകയും ശാസ്ത്രീയ അവബോധവും മനോഭാവം വികസിപ്പിക്കുകയും ചെയ്യുക
- ശാസ്ത്രീയ രീതികൾ ആക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുകയും ചെയ്യുക
- ശാസ്ത്രത്തിലെ നൂതനാശയങ്ങളിൽ നിന്ന് കുട്ടികളിൽ ശാസ്ത്ര ചിന്ത വികസിപ്പിക്കുക
- പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പുതിയ അറിവുകൾസ്വായത്തമാക്കുക.

## പ്രവർത്തന പദ്ധതികൾ

വ്യക്തിഗത ക്ലാസ് തല മാസ്റ്റർ പ്ലാനുകളിൽ വിവിധ വിഷയങ്ങളിലും മേഖലകളിലുമുള്ള വിപുലവും വിശദവുമായ പ്രവർത്തന പദ്ധതികൾ അവയുടെ സാമ്പത്തിക വിശകലനം സമയപരിധി ഉത്തരവാദിത്വങ്ങൾ എന്നിവ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.
ഈ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തരൂപമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## മലയാളം പ്രവർത്തനങ്ങൾ

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും
എല്ലാ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരും ആക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ

### ഉയരെ

ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തുകയും അവർക്കായി പ്രത്യേകം തയ്യാർ ആക്കി പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

### ക്ലാസ് ലൈബ്രറി

ക്ലാസ്സ് ലൈബ്രറി രൂപീകരണത്തിലൂടെ കുട്ടികൾക്ക് കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടാനും വായനാശീലം വളർത്താനും സാധിക്കുന്നു.

### അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ അവസരം.

### ക്ലാസ് തല കൈയെഴുത്ത് മാഗസിൻ

ഒരു ക്ലാസിലെയും ഒരു മാസത്തെയും മികച്ച പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് മാസിക തയ്യാറാക്കുന്നു.

### പാട്ടരങ്ങ്

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പാട്ടുകൾ കവിതകൾ പഠിക്കുകയും അവ താളാത്മകമായി അവതരിപ്പിക്കുകയും ചെയ്യുന്നു ഇതിലൂടെ കുട്ടികളിൽ ഭാഷാജ്ഞാനവും ആത്മവിശ്വാസവും നടത്താൻ സാധിക്കും.

### റീഡേർഡ് തിയേറ്റർ

അഭിനയത്തിലൂടെ വായന താൽപര്യവും വ്യക്തിത്വ വികസനവും വളർത്താനാണ് ഇതിലൂടെ രക്ഷപ്പെടുന്നത് കഥാപാത്രങ്ങൾ സംഭാഷണ ശൈലികൾ ശബ്ദവിയാനം എന്നിവയിലൂടെ വായനയെ ഒരു പ്രകടനമായി അവതരിപ്പിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു.

### ഭാഷോത്സവം

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പ്രസംഗങ്ങൾ കഥപറച്ചിൽ കവിത പാരായണം പോസ്റ്ററുകൾ എന്നിവ കുട്ടികൾ വ്യക്തിപരമായും ഗ്രൂപ്പിലും തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

## <u>ഇംഗ്ലീഷ്</u>

ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിന് തെറ്റില്ലാതെ എഴുതുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിന് വ്യത്യസ്തമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

## Story Per day

കഥകളും കവിതകളും കേൾക്കാനും അവതരിപ്പിക്കാനും വ്യത്യസ്തമായ അവസരങ്ങൾ സൃഷ്ടിക്കുന്നു.

### പ്രസംഗം മത്സരം

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് അവയുടെ പ്രാധാന്യം ഉൾക്കൊള്ളിച്ചുകൊണ്ട് പ്രസംഗം സ്കൂൾതലത്തിലും സംഘടിപ്പിക്കുന്നു.

### വായനാ മത്സരം

ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും വായന മത്സരങ്ങൾ സംഘടിപ്പിക്കുന്നു

### ക്ലാസ് ലൈബ്രറി

ക്ലാസ് ലൈബ്രറിയിൽ ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തുകയും പുസ്തക ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

### ഇംഗ്ലീഷ് ഡയറി

വീട്ടിലെയും സ്കൂളിലെയും അനുഭവങ്ങൾ ദിവസവും ഇംഗ്ലീഷിൽ രേഖപ്പെടുത്തിക്കൊണ്ട് ദൈനദിന എഴുത്ത് പരിശീലനം പ്രോത്സാഹിപ്പിക്കുന്നു.

### കൊറിയോഗ്രാഫി

പാഠഭാഗവുമായി ബന്ധപ്പെട്ട അല്ലാതെയും കൊറിയോഗ്രാഫി നടത്താൻ അവസരം ഒരുക്കുന്നു.

### ഇംഗ്ലീഷ് ഫെസ്റ്റ്

ഒരു ക്ലാസിലും ഓരോ ടേമിലും കുട്ടികൾ നേടിയ വിവിധ ശേഷികൾ അവതരിപ്പിക്കാൻ ഇംഗ്ലീഷ് ഫെസ്റ്റിൽ അവസരം ഒരുക്കുന്നു.

## ഗണിതം

അടിസ്ഥാന ഗണിതശേഷികൾ വികസിപ്പിക്കുന്നതിനും ഗണിത ചിന്ത യുക്തിചിന്ത എന്നിവ വികസിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

### ഗണിതം മധുരം

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പഠന പരിപാടികൾ ക്യാമ്പുകൾ വർക്ഷോപ്പുകൾ എന്നിവ ആസൂത്രണം ചെയ്യുന്നു ഇത് ഈ വിഷയത്തിലെ പഠന വിടവുകൾ പരിഹരിക്കുന്നതിന് സഹായിക്കുന്നു.

### രക്ഷിതാക്കൾക്കുള്ള ശില്പശാല

ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് രക്ഷിതാക്കൾക്കുള്ള ശില്പശാല സംഘടിപ്പിക്കുകയും സ്കൂളിലെ അത്യാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.

### പസിലുകൾ

ഗണിത ചിന്ത വികസിപ്പിക്കുന്നതിലും ഗണിതത്തിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനും സഹായകമായ ബസിലുകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുന്നു

### ഗണിത മേള

ലളിതാസയങ്ങൾക്കുള്ള പസിലുകൾ ജാമിതീയ രൂപങ്ങൾ മോഡലുകൾ എന്നിവ കുട്ടികൾ സ്വയം നിർമ്മിക്കുകയും മേളകളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു

### പരിസര പഠനം

### ലഘുപരീക്ഷണങ്ങൾ

കുട്ടികളിൽ ശാസ്ത്രബോധവും നിരീക്ഷണപാഠവും വളർത്തുന്നതിനായി ഒരു പാഠഭാഗവുമായി ബന്ധപ്പെട്ട രഘുപരീക്ഷണങ്ങൾ ക്ലാസിൽ അവതരിപ്പിക്കുകയും കുട്ടികൾ സ്വയം കണ്ടെത്തിയവ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്നു.

### പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

പരീക്ഷണ കുറുപ്പിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുകയും അതിനനുസരിച്ച് പരീക്ഷണക്കുറിപ്പ് തയ്യാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു ഇത് കുട്ടികളിൽ ശാസ്ത്രീയ അവബോധവും ശാസ്ത്രീയ മനോഭാവം വളർത്താൻ സഹായകരമാണ്.

## യു പി വിഭാഗം

## സയൻസ്

## ലക്ഷ്യങ്ങൾ

- ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിഞ്ഞ് ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക

- ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടുക
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക
- പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ സാധ്യത വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ

ജൈവവൈവിധ്യ പാർക്ക് നിർമ്മാണം

ഔഷധത്തോട്ടം പച്ചക്കറി തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം

ശാസ്ത്ര യാത്ര

കാവ് സന്ദർശനം, അധിനിവേശ സസ്യങ്ങളെ കണ്ടെത്തി അവയെ നിർമ്മാർജ്ജനം ചെയ്യൽ

ശാസ്ത്ര പരീക്ഷണം രസകരം

ലഘു പരീക്ഷണങ്ങൾ ചെയ്യുക, നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കളെ ഉൾപ്പെടുത്തി ശാസ്ത്രകിറ്റ് നിർമ്മാണം,
ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുക

ശാസ്ത്രോത്സവം

വിവിധതരം ലഘു പരീക്ഷണങ്ങൾ, പഠനസാമഗ്രികൾ,വിവിധതരം മോഡലുകൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കൽ

വീഡിയോ പ്രദർശനം

ഐസിടി സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങളുടെ വീഡിയോ പ്രദർശനം

പ്രോജക്ട് അവതരണം സമൂഹത്തിന് പ്രയോജനപ്രദമായ നൂതന ആശയങ്ങൾ ഉൾപ്പെടുത്തി പ്രൊജക്റ്റ് കണ്ടെത്തി അവതരിപ്പിക്കൽ

മലയാളം

ലക്ഷ്യങ്ങൾ

- ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
- പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക.

- സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ.
- മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടി എടുക്കലും സർഗാത്മക ശേഷി വളർത്തലും.

പ്രവർത്തനങ്ങൾ

എന്റെ അവധിക്കാലം

പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥാ,കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.

ഭാഷ കേളി

അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.

വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്

അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.

വാർത്താ ലോകത്തേക്ക്

പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധിവളർത്തുകയും ചെയ്യുന്നു

വാർത്താ വായന

നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്ക അവസരം നൽകുന്നു അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.

സംവാദം/ മുഖാമുഖംസംവാദം/ മുഖാമുഖം

സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു

ഇ കമ്പ്യൂട്ടറിംഗ്

മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഇ മാഗസിൻ തയ്യാറാക്കുകയും ചെയ്യുന്നു

മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു

സംസ്കൃതം

ലക്ഷ്യം

- എല്ലാ കുട്ടികൾ ക്കും തുല്യ  പങ്കാളിത്തം ഉറപ്പ് വരുത്തുക.
- ആസ്വാദ്യകരമാക്കുക
- സംസ്കൃതത്തോടും സംസ്കാരത്തോടും ഉള്ള ആഭിമുഖ്യം’

- സ്നേഹം ദയ അനുകമ്പ രാജ്യസ്നേഹം എന്നീ മൂല്യങ്ങൾ വളർത്തുക.
- ഭാഷാ പഠനത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക
- നിലവാരം ഉറപ്പാക്കുക.

പ്രവർത്തനങ്ങൾ

അക്ഷരക്കളരി

സ്കൂൾ തുറന്ന് ആഗസ്റ്റ് മാസം വരെയുള്ള ദിവസങ്ങളിൽ അക്ഷരങ്ങൾ എഴുതുന്നതിലും ചിഹ്നങ്ങൾ ചേർക്കുന്നതിലുമുള്ള പ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കുകയും ഉച്ചാരണ ശുദ്ധിയോടെ വാക്കുകൾ പറയുവാനും
പരിശീലനം നൽകുന്നു ഐസിടി സാദ്ധ്യത ഉപയോഗപ്പെടുത്തി അക്ഷരങ്ങൾ പ്രദർശിപ്പിച്ച് നിരന്തര വായനയിലൂടെ ഉറപ്പിക്കുകയും ചെയ്യുന്നു

വായനാവസന്തം

കുട്ടികളിൽ അക്ഷരബോധം വരുത്തിയ ശേഷം മെല്ലെ വായന പരിശീലിപ്പിക്കുന്നു ലഘുപദങ്ങളിൽ തുടങ്ങി കഠിന പദങ്ങളും പരിശീലി പ്പിക്കുന്നു വൈയക്തിക വായനയ്ക്ക് പ്രാധാന്യം നൽകുന്നു.

ദിനാചരണങ്ങൾ

കുട്ടികളിൽ മൂല്യവും മനോഭാവവും വളർത്തുന്നതിനായി സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങൾ ആഘോഷങ്ങൾ എന്നിവയിൽ പ്രവർത്തന ങ്ങൾ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. സംസ്കൃത ദിനം സമുചിത മായ രീതിയിൽ ആഘോഷിപ്പിക്കുന്നു.

സുഭാഷിതാലാപനം

മാസത്തിലൊരിക്കൽ ഒരു സുഭാഷിതം കുട്ടികളെ പരിചയപ്പെടുത്തുന്നു ആശയം മനസ്സിലാക്കാനും ഹൃദിസ്ഥമാക്കാനും അധ്യാപിക ICT സാധ്യത ഉപയോഗപ്പെടുത്തുന്നു
സുഭാഷിത പഠനത്തിലൂടെ കുട്ടികളിൽ മൂല്യബോധം വളർത്തുവാൻ സാധിക്കുന്നു.

സർഗ്ഗവേള

കുട്ടികളിൽ സർഗ്ഗാത്മകത വളർത്തുവാൻ രണ്ടാഴ്ചയിലൊരിക്കൽ സർഗ്ഗവേള നടത്തുന്നു കവിതാലാപനം സുഭാഷിതാലാപനം വായന തുടങ്ങിയ ഇനങ്ങൾ ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു IT സാധ്യത ഉപയോഗപ്പെടുത്തുന്നു വിവിധ പരിപാടികളിൽ മികവ് പുലർത്തുന്ന കുട്ടികളെ സബ്ജില്ല മത്സരത്തിന് പ്രാപ്തരാക്കി പങ്കെടുക്കുവാൻ അവസരം നൽകുന്നു.

അറബിക്

ലക്ഷ്യങ്ങൾ

- അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനും കഴിയുക.
- ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന.
- പദനിർമ്മാണം.
- എഴുത്തു രീതി മനസ്സിലാക്കൽ

പ്രവർത്തനങ്ങൾ

അക്ഷര കാർഡ് നൽകൽ ,അക്ഷരങ്ങൾക്ക് നിറം നൽക ,ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിക്കൽ ,അക്ഷരങ്ങളുടെ ഔട്ട്ലൈൻ നൽകി എഴുത്തു പരിശീലിക്കൽ, അക്ഷര കാർഡ് ഉപയോഗിച്ച് പദങ്ങൾ നിർമ്മിക്കൽ പദനിർമ്മാണ മത്സരങ്ങൾ നടത്തൽ ,പദപ്പയറ്റ് പദകേളി എന്നീ മത്സരങ്ങൾ നടത്തൽ

ഗണിതം

ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു
- രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും
- ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ
- 
- ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു
- വിവിധശേഷികളുടെ വികസനം

പ്രവർത്തനങ്ങൾ

ഗണിത ശില്പശാല

കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു,മുത്തുകൾ, ഫ്ലാഷ് കാർഡ്..)

ഉപയോഗിക്കുന്നു

ഒറിഗാമി ശില്പശാല

ഗണിത പാർക്ക്

ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം മുറ്റത്ത് പാർക്ക് സജ്ജമാക്കൽ

ഗണിതക്കൂട്ട്

ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു

ഐടി സാധ്യതകളിലൂടെ

ജാമിതീയ രൂപങ്ങൾ ചതുഷ്കിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു

ഗണിത മുന്നേറ്റം

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

ദിനാചരണം

ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ യിൽ രൂപപ്പെടുത്തുന്ന നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

**English**

- **To Improve listening skill**

E-cube language learning
Listening to poems and songs (ICT)
English News Channels
and Radio
Skit and Conversation
Watching English
Movies/ Documentry
Interviews
Listening to Phonetic
Sound
Dance with  the English song
Drawing pictures based on instructions

- **To improve speaking skill**

Hot seat
Readers theatre
Aswamedam
puppetry
Radio drama
English Day
English Assembly
Game instructions
Skit and Conversation
Day Celebration
Speech on different topics
Conducting Quiz Competitions
Conducting short Seminars group discussions etc.

- **To improve reading skill**

Reading small stories
Library
Reading corner in the class.
Newspaper Reading
Picture Reading
Journals of great personalities
Reading signboards and posters (ICT)
Using Reading Materials effectively

- **To improve writing-skill**

English workshops
Wall magazines
letter to my friend -Writing letters on Postal cards
My word gallery -Self Dictionary,
Poster Making
English Magazine
Designing Invitation card and greeting cards (ICT)
Writing stories and speech on different topics

Caption writing competition
Hand writing competition
Dairy writing
Newspaper Reports
Editing different discourses
Read  some sentences and write it down without any changes.

സോഷ്യൽ സയൻസ്
ലക്ഷ്യങ്ങൾ

- സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ ആശയങ്ങൾ എന്നിവ പരിശോധിക്കൽ നേടിയെടുക്കൽ
- പഠിതാക്കളെ ചരിത്ര അവബോധമുള്ളവരാക്കി മാറ്റിയെടുക്കൽ
- ജനാധിപത്യരീതികൾ മനസ്സിലാക്കുന്നതിന് ഇലക്ഷൻ പ്രക്രിയ മനസ്സിലാക്കൽ
- വളരുന്ന ഭൂപട വായന ഇന്ത്യ കേരളം ലോക ഭൂപടങ്ങളിൽ സ്ഥലങ്ങൾ മനസ്സിലാക്കുന്നതിന്
- പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാവിനെ ബോധവാന്മാരാക്കുക
- മദ്യം മയക്കുമരുന്ന് വിപത്തുകളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക
- വിവര സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെപ്പറ്റിയും കുട്ടികളെ ബോധവൽക്കരിക്കുക
- പഠനത്തിലൂടെ കുട്ടികൾ ആർജിച്ച കഴിവുകൾ പ്രദർശിപ്പിക്കുന്നതിന്
- സാമൂഹ്യശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക

പ്രവർത്തനങ്ങൾ
പ്രീ ടെസ്റ്റ്
ഇന്ത്യ കേരളം തലസ്ഥാനങ്ങൾ ഭാഷ നദി ഭൂപ്രകൃതി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ ടെസ്റ്റ് നടത്തുന്നു
വീഡിയോ പ്രദർശനം
ഐസിടി സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം
സ്കൂൾ പാർലമെൻറ് ഇലക്ഷൻ
സ്കൂൾ ക്ലാസിലിഡർ തെരഞ്ഞെടുപ്പ്
മാപ്പ് പരിചയം

പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ലോകരാജ്യങ്ങൾ ഇന്ത്യയിലെ സംസ്ഥാനങ്ങൾ കേരളത്തിലെ ജില്ലകൾ എന്നിവ അതാതു മാപ്പുകളിൽ രേഖപ്പെടുത്തൽ
ഡിസാസ്റ്റർ മാനേജ്മെൻറ് ക്ലാസ്
ഭൂകമ്പം കൊടുങ്കാറ്റ് വെള്ളപ്പൊക്കം മണ്ണിടിച്ചിൽ ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കാനും നിവാരണ മാർഗ്ഗങ്ങളെ കുറിച്ച് അറിയാനും രക്ഷാപ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും ഡിസാസ്റ്റർ മാനേജ്മെൻറ് ക്ലാസുകൾ സംഘടിപ്പിക്കുക
ബോധവൽക്കരണ ക്ലാസ്
എക്സൈസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് സ്കൂൾതലത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക
സൈബർ സുരക്ഷ
സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക
മേളകൾ
സ്കൂൾ സബ്ജില്ലാ മേളകളിൽ പങ്കാളിത്തം ഉറപ്പാക്കുന്നു
ക്വിസ് മത്സരങ്ങൾ
സിവിൽ സർവീസ് പരീക്ഷ ഉൾപ്പെടെ മത്സരപരീക്ഷകൾ എഴുതാൻ പ്രാപ്തി നേടുന്ന വിധം പൊതുവിജ്ഞാനം നേടിയെടുക്കാൻ ലിറ്റിൽ ജീനിയസ് ക്വിസ് ആഴ്ചയിലൊരിക്കൽ നടത്തുന്നു

## കലാ പരിശീലനം

കുട്ടികളുടെ സ്വർഗ്ഗവത്സരങ്ങൾ പ്രകടിപ്പിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ സർഗ്ഗ വേളകൾ സംഘടിപ്പിക്കുന്നു

## ആരോഗ്യ കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

കുട്ടികൾക്ക് മാസ്റ്ററിൽ പരിശീലനം നൽകുന്നതോടൊപ്പം തന്നെ ശാരീരിക വ്യായാമത്തിനായി സൂമ്പ ഡാൻസ് പരിശീലനവും നൽകുന്നു.

## തനത് പ്രവർത്തനം

## ലിറ്റിൽ ജീനിയസ് മെഗാ ക്വിസ് സീസൺ 2

കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും മത്സരപരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ അവരെ പ്രാപ്തരാക്കാനും ലക്ഷ്യമിട്ടുകൊണ്ട് സ്കൂളിൽ നടത്തിവരുന്ന പരിപാടിയാണ് ലിറ്റിൽ ജീനിയസ് മെഗാ ക്വിസ് സീസൺ 2.

എല്ലാ ആഴ്ചയിലും മുഴുവൻ കുട്ടികൾക്കും 25 വീതം പൊതുവിജ്ഞാന ചോദ്യങ്ങൾ വിഷയാടിസ്ഥാനത്തിലും അല്ലാതെയും നൽകുകയും വെള്ളിയാഴ്ചകളിൽ ക്ലാസ് തല ക്വിസ് മത്സരം നടത്തി വിജയികളെ കണ്ടെത്തുകയും സമ്മാനം നൽകുകയും ചെയ്യുന്നു.
25 ആഴ്ച കാലാവധിയിൽ നടത്തുന്ന ക്ലാസ് തല ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന രണ്ട് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് സ്കൂൾതല മത്സരം നടത്തുന്നത്.
ഒന്ന് രണ്ട് ക്ലാസുകൾ ഒരു വിഭാഗമായും മൂന്ന് നാല് ക്ലാസുകൾ മറ്റൊരു വിഭാഗമായും യുപി വിഭാഗത്തിന് പ്രത്യേകമായും ആണ് സ്കൂൾതല മത്സരം നടത്തുന്നത്. സ്കൂൾതല മത്സരത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന മൂന്നു വിഭാഗത്തിലെയും കുട്ടികൾക്ക് മെഗാ സമ്മാനമായി സൈക്കിളാണ് നൽകുന്നത്. രണ്ടും മൂന്നും സ്ഥാനക്കാർക്കും ആകർഷകമായ സമ്മാനങ്ങൾ നൽകുന്നു.
കുട്ടികൾ വളരെ ആവേശത്തോടെ മുൻവർഷങ്ങളിൽ നടന്ന മെഗാ കേസിൽ പങ്കെടുത്തു എന്നത് ഏറെ ശ്രദ്ധേയമാണ്.

പടിഞ്ഞാറ്റുമുറി ഗവൺമെൻറ് യുപി സ്കൂളിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി വിലയിരുത്തപ്പെടുകയും ആവശ്യമെങ്കി മാറ്റങ്ങളും വരുത്തുകയും മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്ന ഒരു സജീവ പഠന പിന്തുണ പദ്ധതിയാണ് ' ഇതിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ ആവശ്യമെങ്കിൽ എസ് ആർ ജിയിൽ ചർച്ചചെയ്ത് മാറ്റം വരുത്താവുന്നതാണ്. കൂടാതെ ഈ അക്കാദമിക മാസ്റ്റർ പ്ലാനും അതിലെ പദ്ധതികളും പ്രവർത്തനങ്ങളും പിടിഎ യോഗങ്ങളിൽ ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്യും.